# മഹാത്മാഗാന്ധി സർവകലാശാല

## **ക്വട്ടേഷൻ നോട്ടീസ്**

നം. എ.ഡി.ബി.3/3/ ഉത്തരക്കടലാസ്/21–22/ഭരണം                    തീയതി  18.10.2021

മഹാത്മാഗാന്ധി സർവകലാശാലയിൽ ലഭ്യമാകുന്ന മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകൾ അടുത്ത ഒരു വർഷത്തേക്ക് വാങ്ങുവാൻ താത്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ മുദ്ര വച്ച കവറുകളിൽ ആണ് സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ സംബന്ധിക്കുന്ന നിബന്ധനകൾ www.mgu.ac.in എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ എ.ഡി.ബി.3 സെക്ഷനിൽ നിന്നും വാങ്ങുകയോ ചെയ്യാവുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷനുകൾ അനുബന്ധ രേഖകൾക്കൊപ്പം **ഡെപ്യൂട്ടി രജിസ്ട്രാർ II(ഭരണം) എം.ജി.സർവകലാശാല ,കോട്ടയം** എന്ന വിലാസത്തിൽ ലഭിക്കേണ്ട **അവസാന തീയതി 27/10/2021 1.00 പി.എം.** ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ **"ക്വട്ടേഷൻ**–മൂല്യനിർണ്ണയം കഴിഞ്ഞ **ഉത്തരക്കടലാസുകൾ-ഒക്ടോബർ 2021"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം)**
**(രജിസ്ട്രാർക്ക് വേണ്ടി)**

# **ക്വട്ടേഷൻ നിബന്ധനകൾ**

നം. എ.ഡി.ബി.3/3/ഉത്തരക്കടലാസ്/21-22/ഭരണം തീയതി 18.10.2021

(1) ക്വട്ടേഷൻ ഫാറവും നിബന്ധനകളും എ.ഡി.ബി.3 സെക്ഷനിൽ നിന്നും **27/10/2021 12.30 പി.എം.** വരെ കൈപ്പറ്റാവുന്നതാണ്.

(2)രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ, നേരിട്ടോ, **ഡെപ്യൂട്ടി രജിസ്ട്രാർ.II(ഭരണം),മഹാത്മാഗാന്ധി സർവകലാശാല ,കോട്ടയം-686560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട **അവസാന തീയതി 27/10/2021 1.00 പി.എം.**

(3)**ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ സർവകലാശാലയുടെ വെബ്സൈറ്റിലെ e-പേയ്മെൻറ് പോർട്ടലിലൂടെ രൂപ 30,000/-( രൂപ മുപ്പതിനായിരം മാത്രം) നിരത ദ്രവ്യമായി അടച്ച് രസീത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്**. ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ/ സ്ഥാപനത്തിൻെറ ഉടമയുടെ **ആധാർ കാർഡിൻെറ പകർപ്പ്, പാസ്പോർട്ട് ഫോട്ടോ,** ലഭ്യമാണെങ്കിൽ GST Account No: എന്നിവയും സമർപ്പിക്കേണ്ടതാണ്.

**(4)ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും: 27.10.2021 2.30 പി.എം.**

(5)ക്വട്ടേഷനുകളിൽ രേഖപ്പെടുത്തപ്പെട്ട വിലകൾ സർവകലാശാലയ്ക്ക് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ക്വട്ടേഷൻ നോട്ടീസ് റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും ഉറപ്പിക്കുന്നതും ഉൾപ്പടെയുള്ള എല്ലാ കാര്യത്തിലും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

(6)ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്നയാൾ /സ്ഥാപനം പേപ്പർ സമയാസമയങ്ങളിൽ അറിയിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് സർവകലാശാല ക്യാമ്പസിൽ ലഭ്യമായ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് ആയതിൻെറ വിലയും നിലവിലുള്ള നിരക്കിൽ വിൽപ്പന നികുതിയും ഉൾപ്പടെ അടച്ച് തീർത്ത് നിശ്ചിത ദിവസത്തിനകം നീക്കം ചെയ്യേണ്ടതുമാണ്.

(7)ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുമുമ്പ്, വിൽക്കാൻ ഉദ്ദേശിക്കുന്ന പേപ്പറിന്റെ സാമ്പിൾ ഭരണവിഭാഗത്തിലെ എഡിബി 3 സെക്ഷനുമായി ബന്ധപ്പെട്ടു നേരിൽ കണ്ടു പരിശോധിക്കാവുന്നതാണ്.

(8)ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന വ്യക്തി/സ്ഥാപനം നിശ്ചിത ദിവസത്തിനകം സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം EMD തുക സർവകലാശാല അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതും തൊട്ടടുത്ത വില വാഗ്ദാനം ചെയ്ത ആളെ പരിഗണിക്കുന്നതുമാണ്.

(9)പ്രത്യേക കാരണം കൂടാതെ തന്നെ, ക്വട്ടേഷനുകൾ തുറക്കുന്ന തീയതി സമയം എന്നിവയിൽ മാറ്റം വരുത്തുനതിനോ ഉറപ്പിച്ച ക്വട്ടേഷൻ റദ്ദാക്കുന്നതിനോ ഉള്ള അധികാരം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമാണ്..

(10)ക്വട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതാണ്

(11)ക്വട്ടേഷൻ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്

**ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം)**
**(രജിസ്ട്രാർക്ക് വേണ്ടി)**

*** ക്വട്ടേഷൻ ഫോം വില : "500+GST" (AD B III സെക്ഷനിൽ നൽകി 27/10/2021 12.30 പി.എം. വരെ കൈപ്പറ്റാവുന്നതാണ്)**